പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമില്ലാത്ത
ചോദ്യം നം. 1826

05/10/2016-ലെ
മറുപടിയ്ക്ക്

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന വ്യക്തിഗത ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന വ്യക്തിഗത ധനസഹായ പദ്ധതികളും അവയുടെ നടപടികളും അനുബന്ധമായി ചേർക്കുന്നു |
| (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾ താമസിക്കുന്ന കോളനികളിൽ റോഡ് കുടിവെള്ളം വൈദ്യുതി മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ വകുപ്പിന് കീഴിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കോളനികളിൽ റോഡ്, വൈദ്യുതി, കുടിവെള്ളം മുതലായ സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്. ജില്ലാതല കോർപ്പസ് ഫണ്ട് ഉപയോഗിച്ചും ഇത്തരം പദ്ധതി നടപ്പാക്കി വരുന്നു. |
| (സി) | പട്ടാമ്പി മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ റീസർവ്വേ പൂർത്തിയാക്കാത്തത് പല കുടുംബങ്ങൾക്കും പട്ടയം ലഭിക്കാതിരിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റീസർവ്വേ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം ഈ വകുപ്പ് ബന്ധപ്പെട്ട വകുപ്പിന് നൽകിയിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച ഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കേണ്ട റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. <u>സ്വയംതൊഴിൽ വായ്പ സബ്സിഡി പദ്ധതി</u>:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയുമുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 1/3 സബ്സിഡിയായി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരംഭവും തുടങ്ങാം. പ്രായം 18-40, വിദ്യാഭ്യാസ യോഗ്യത - 7-ാം ക്ലാസ്, വരുമാന പരിധി ബാധകമല്ല. വിദ്യാഭ്യാസ യോഗ്യത,ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ പദ്ധതി റിപ്പോർട്ട്, റേഷൻ കാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ കാർഡ്, SGSYലോൺ വാങ്ങിയിട്ടില്ലാ എന്ന ബന്ധപ്പെട്ട ഓഫീസർമാരുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/ മുൻസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് അപേക്ഷ നൽകണം.

2. <u>ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി</u>:-
   പട്ടികജാതി കുടുംബങ്ങൾക്ക്ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 25,000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. ബ്ലോക്ക് മുൻസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകേതാണ്. തുക രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നു. വരുമാന പരിധി 50,000/- രൂപയാകുന്നു.

3. <u>SCA to SCSP പദ്ധതി</u> :-
   പ്രത്യേക ഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായപദ്ധതിയാണ് SCA to SCSP . ഓരോ വർഷവും ഒരു നിശ്ചിത തുക കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുകയും അതനുസരിച്ച് വിവിധ ജില്ലകൾക്ക് സാമ്പത്തിക ഉന്നമന പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുമതിയും തുകയും അനുവദിച്ച് നൽകി വരുന്നു.

4. <u>വിദേശത്ത് തൊഴിൽ നേടുന്ന ധനസഹായംഅനുവദിക്കുന്ന പദ്ധതി</u>:-
   അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 50,000/- രൂപ വരെ ധൻസഹായം നൽകുന്നു. ഇൻഡ്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർ പത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേതാണ്. 2,50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും 20-നും 45-നും മദ്ധ്യേ പ്രായമുള്ള വർക്കാണ് ടി ധനസഹായത്തിന് അർഹതയുള്ളത്.

5. <u>പട്ടികജാതി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി</u>:-
   പത്തോ അതിലധികമോ പട്ടികജാതിക്കാർ അംഗങ്ങളായിട്ടുള്ള 80% പട്ടികജാതിക്കാർ വനിതകളായിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്കും പ്രോജക്ട് റിപ്പോർട്ട് അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പ്രോജക്ട് തുകയുടെ 3/4 ഭാഗം സബ്സിഡിയായി നൽകുന്നു.

6. <u>സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി</u>:-
   സ്വയം സഹായ സംഘങ്ങൾക്ക് 1/4 ഭാഗം സ്വന്തം നിലയ്ക്കോ ബാങ്ക് വായ്പയായോ കണ്ടെത്തണം. ഇപ്രകാരം 15 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾ സംഘങ്ങൾക്ക് സമർപ്പിക്കാവുന്നതും വകുപ്പിൽ നിന്നുള്ള സബ്സിഡി തുക 10 ലക്ഷമായി പരിമിതപ്പെടുത്തിയിട്ടുള്ളതുമാണ്

7. <u>കോർപ്പസ് ഫണ്ടിന്റെ 1/3 തുക വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ</u> :-
   ടി പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ വകയിരുത്തിയ തുകയുടെ 1/3 തുക ജില്ലാ തലത്തിൽ വിനിയോഗിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകൾക്ക് ജനസംഖ്യാനുപാതികമായി വിതരണം നടത്തുകയും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ആയത് പുരോഗമിച്ച് വരുകയും ചെയ്യുന്നു.

8. <u>ഗാന്ധി ഗ്രാമം പദ്ധതി</u>:-
   അവികസിതവും പിന്നോക്കം നിൽക്കുന്നതുമായ പട്ടികജാതി കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി തെരെഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി കോളനികളിൽ ഗാന്ധിഗ്രാമം എന്ന പദ്ധതി ആരംഭിച്ചിട്ടു. വിവിധ സർക്കാർ അക്രഡിറ്റഡ് ഏജൻസികളാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് എസ്റ്റിമേറ്റിന്റെ 25% തുക മുൻകൂറായി ഏജൻസികൾക്ക് നൽശുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.

9. 5 മുതൽ 10-ാം ക്ലാസ് വരെയുള്ള പട്ടികജാതി കുട്ടികൾക്ക് താമസിക്കുന്നതിന് വകുപ്പിന്റെ കീഴിൽ 87 പ്രീ-മെട്രിക് ഹോസ്റ്റലുകളും +1 മുതൽ പോസ്റ്റ് മെട്രിക് കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 17 പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. താമസം, ഭക്ഷണം സൗജന്യം.

10. 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള നിർദ്ധനരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ച് പഠനം നട ത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സ്പോർട്ട്സ് എം. ആർ. എസ്. ഉൾപ്പെടെ 9- എം. ആർ. എസ്. കൾ പ്രവർത്തിക്കുന്നു.

11. പി. എസ്. സി., ബാങ്ക് കോച്ചിംഗ് എൻട്രൻസ് കോച്ചിംഗ് തുടങ്ങിയ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ രിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ 4 പ്രീ-എക്സാമിനേഷൻട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

12. ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. തുടങ്ങിയ ഉന്നത മേഖലകളിൽ വിജയം കരസ്ഥമാക്കുന്ന തിന് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ ഐ.സി.എസ്.ഇ. റ്റി. എസ്. എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു.

13. പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ പ്രവേശനത്തിന് മുൻഗണന നൽശികൊണ്ട് പട്ടികജാതി വികസന വകുപ്പിന്റെ ഫ് ഉപയോഗിച്ച് ഒരു മെഡിക്കൽ കോളേജ് പാലക്കാട് പ്രവർത്തിച്ചുവരുന്നു.

14. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് :-
4.7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പ്രതിവർഷം 4500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നു. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ഗ്രേഡ് സർട്ടിഫിക്കറ്റു കൾ എന്നിവ സഹിതം സമർപ്പിക്കണം. അപേക്ഷകരുടെ രക്ഷിതാകളുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപയാണ്. 12,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് 2,000/- രൂപ അധികമായി ഒറ്റ തവണ നൽകുന്നു. വിദ്യാർത്ഥികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി പ്രതിമാസം 100/- രൂപ പ്രകാരം 10 മാസത്തേയ്ക്ക് 1,000/- രൂപ നൽകുന്നു.

15. ബുക്ക് ബാങ്ക് പദ്ധതി:-പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വില യേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ്.

16. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി - വിവധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു ആയതിന്റെ നിരക്ക് ആയതിന്റെ നിരക്ക് ചുവടെ ചേർക്കുന്നു.

| കോഴ്സ് | 1st ക്ലാസ് | ഡിസ്റ്റിംഗ്ഷൻ |
|---|---|---|
| എസ്.എസ്. എൽ.സി. | 1500 | 2500 |
| +2, റ്റി.റ്റി.സി., ഡിപ്ലോമ | 2500 | 5000 |
| ബിരുദം | 3500 | 7500 |
| ബിരുദാനന്തര ബിരുദം, മറ്റ് പ്രൊഫഷണൽ | 5000 | 10,000 |

കോഴ്സുകൾ
ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

17. വിഷൻ -2013:-
എസ്. എസ്. എൽ. സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ - ൽ കുറയാത്ത ഗ്രേഡ് വാങ്ങി സയൻസ് വിഷയങ്ങൾ എടുത്ത് +1 - ന് അഡ്മിഷൻ നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലന പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് മെച്ചപ്പെട്ട കോച്ചിംഗ് സ്ഥാപനങ്ങളിൽ പഠി ക്കുന്നതിന് 20,000/- രൂപ വരെ (10,000/- രൂപ വീതം 2 വർഷത്തേക്ക്) ധനസഹായം നൽകുന്നു. രക്ഷിതാക്കക ളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപ. അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പി ക്കണം. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കണം.

18. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം DBTS വഴി ജാതി മത പരി ഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു. സ്റ്റൈഫന്റ് -1 മുതൽ 10-ാം ക്ലാസ് വരെ -110/-രൂപ ക്രമത്തിൽ അഡ്ഹോക്ക് ഗ്രാന്റ് - 750/- ഹോസ്റ്റൽ അന്തേവാസികൾക്ക് അഡ്ഹോക്ക് ഗ്രാന്റ് 1,000/- ക്രമത്തിൽ അനുവദിച്ച് നൽശുന്നു.

19. പ്രീ-മെട്രിക്ക് ലംപ്സംഗ്രാന്റ് സ്റ്റൈഫന്റ്:- സംസ്ഥാനത്തെ എല്ലാ സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളു കളിൽ പഠിക്കുന്ന പട്ടികജാതി/മറ്റർഹവിഭാഗ വിദ്യാർ ത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസ ത്തിനുള്ളിൽ സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ മുഖേന ലംപ്സംഗ്രാന്റ് നൽകി വരുന്നു. വേടൻ, വേട്ടുവ, നായാടി എന്നീ ദുർബല വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈഫന്റ് അനുവദിച്ച് നൽശിവരുന്നു.

20. അൺ എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് അനുവദി ക്കുന്ന പദ്ധതി:- അംഗീകൃത അൺ എയ്ഡഡ് സ്ക്കൂളികളിൽ പത്താംക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ് ചെയ്തു നൽകുന്നു.

~~21.~~

നിരക്ക്

എൽ. പി., യു.പി. ഫീസ് -1000/-

സ്പെഷ്യൽ ഫീസ് -333/-

എച്ച് എസ്. ഫീസ് -1500/-

സ്പെഷ്യൽ ഫീസ് -500/-

വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുളള എസ്.സി/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലിസ്റ്റ്, ഡി. ഇ. ഒ./എ. ഇ. ഒ. മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫിസർമാർക്ക് നൽകണം.

21. പോസ്റ്റ് മെട്രിക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ:- +1 മുതൽ പഠനം നടത്തുന്നവർക്ക് പ്രതിമാസം 500/- രൂപ സ്റ്റൈഫന്റും, 8 കി.മീ. - ൽ കൂടുതൽ യാത്ര ചെയ്തുവരുന്നവർക്ക് സ്റ്റൈഫന്റ് ഇനത്തിൽ 600/- രൂപ നിരക്കിലും. ലംപ്സംഗ്രാന്റ് ഇനത്തിൽ +2 - ന് 900/- , ഡിഗ്രി - 950/-, പി.ജി. -1250/- രൂപ നിരക്കിലും അനുവദിച്ച് നൽതി വരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് 350 മുതൽ 2500/- രൂപ വരെ കോഴ്സ് അടിസ്ഥാനത്തിൽ അനുവദിച്ച് നൽകുന്നു. നിലവിൽ ടി ആനുകൂല്യം എസ്. ബി. ഐ. വഴി ഇ- ഗ്രാൻസ് എന്ന പേരിൽ വിതരണം ചെയ്യുന്നു. അപേക്ഷകൾ വിദ്യാഭ്യാസവർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈൻ ആയി സ്ഥാപനമേധാവിക്ക് സമർപ്പിക്കണം. ആയതിന്റെ അസ്സൽ സ്ഥാപന മേധാവി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. ജാതി, വരുമാനം, എസ്.എസ്. എൽ. സി. ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതമാണ് അപേക്ഷ സ്ഥാപന മേധാവി ജില്ലാ ഓഫീസർക്ക് നൽകേണ്ടത്. അതോടൊപ്പം ഓൺലൈനിലും സ്ഥാപന മേധാവി ജില്ലാ ഓഫീസർക്ക് അപേക്ഷ നൽകണം.

22. പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി:- സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ +2, ഡിഗ്രി, പി.ജി. കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സംഗ്രാന്റ് / സ്റ്റൈഫന്റ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, എന്നിവ നൽകുന്നു. അപേക്ഷ ജാതി, വരുമാനം, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ലാ എന്ന സാക്ഷ്യപത്രം വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക്അപേക്ഷ സമർപ്പിക്കണം

23. പ്രൈമറി എഡ്യൂ. എയ്ഡ്:- 1-മുതൽ 4 വരെ ക്ലാസുകളിൽ സർക്കാർ, എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠന പ്രോത്സാഹനത്തിനായി 2000/- രൂപ നൽകുന്നു.

24. കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്ക് വിദ്യാലയ വികാസ്നിധി:- കേന്ദ്ര സർക്കാരിന്റെ മനുഷ്യ വിഭവശേഷി വികസന വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ എല്ലാ കേന്ദ്രീയ വിദ്യാലയങ്ങളിലും പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികളിൽ നിന്ന് വിദ്യാലയ അധികൃതർ വിദ്യാലയ വികാസ്നിധി എന്ന പേരിൽ തുക ഈടാക്കുന്നുകെിൽ പ്രസ്തുത തുക വകുപ്പ് മുഖേന റി ഇംബേഴ്സ് ചെയ്ത് നൽകുന്നതാണ് പദ്ധതി.

25. ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി:- പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന എഞ്ചിനീയറിംഗ് /എം.സി.എ. കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

26. സ്റ്റെതസ്കോപ്പ് വിതരണം:- ഒന്നാം വർഷ എം. ബി. ബി. എസ്, ബി. എ., എം. എസ്. ബി. , എച്ച്. എം. എസ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

27. പ്രാരംഭ ചെലവിന് ധനസഹായം അനുവദിക്കുന്ന പദ്ധതി:- എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി-ടെക് കോഴ്സുകളിലെ ഒന്നാം വർഷക്കാർക്ക് (1 ലക്ഷം രൂപ വരുമാന പരിധി) പ്രാരംഭ ചെലവിന് ധനസഹായം അനുവദിച്ച് നൽകുന്നു.

28. അന്യ സംസ്ഥാന പഠനം :- കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെറിറ്റ് /റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുളള പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു. വരുമാന പരിധി 2,50,000/- ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപന മേധാവി വഴി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം.

29. വിദേശപഠന ധന സഹായം:- ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ പരിഗണിച്ച് യുക്തമായ തീരുമാനം കൈകൊളളുകയും പരമാവധി 15,00,000/- രൂപവരെ അനുവദിക്കുന്നു.

30. സംസ്ഥാനത്ത് പോസ്റ്റ് മെട്രിക്ക് വിദ്യാഭ്യാസം നടത്തി വരുന്ന എസ്.സി/ഒ.ഇ.സി./ഒ.ബി.സി/എസ്.ഇ.ബി.സി./കെ.പി.സി.ആർ. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാൻസ് വെബ് മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

32. പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകുകയും അവരെ വ്യാവസായിക രംഗത്ത് തൊഴിൽ നേടുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്നതിലേക്ക് വകുപ്പിന് കീഴിൽ ഇടുക്കി, വയനാട് ജില്ലക്കാർ ഒഴികെ 12 ജില്ലകളിൽ 14 ഐ.റ്റി.ഐ.കൾ പ്രവർത്തിക്കുന്നു. കൂടാതെ വകുപ്പിന്റെ പരിധിയിൽ പാലക്കാട് ജില്ലയിൽ വടക്കഞ്ചേരിയിൽ സി.പി. പി. എം. എന്ന സർട്ടിഫിക്കറ്റ് കോഴ്സിൽ 20 പേർക്ക് പരിശീലനം നൽകുന്നു.

33. <u>ഭൂരഹിത പുനരധിവാസ പദ്ധതി</u>:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് ഭൂമി വാങ്ങുന്നതിന് (3 മുതൽ 5 വരെയുള്ള സെന്റുകൾ) സെന്റ് ഒന്നിന് 75,000/- രൂപ നിരക്കിൽ പരമാവധി 3,75,000/- രൂപയും മുൻസിപ്പാലിറ്റികളിൽ സെന്റ് ഒന്നിന് 1.50 ലക്ഷം രൂപ നിരക്കിൽ 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ സെന്റ് ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ 6 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നു. ജാതി വരുമാന സർട്ടിഫിക്കറ്റുകൾ സ്വന്തമായോ, കുടുംബത്തിൽ നിന്നോ ഭൂമി ലഭിക്കാൻ ഇല്ലെന്നുള്ള സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം. അപേക്ഷകന്റെ വാർഷിക വരുമാന പരിധി 50,000/- രൂപയാണ് .

34. <u>ദുർബല വിഭാഗ പുനരധിവാസ പദ്ധതി</u>:- പട്ടികജാതിയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളായ വേടൻ, നായാടി കള്ളാടി, അരുന്ധതിയാർ, ചക്ലിയൻ എന്നിവർക്ക് ഭൂമി വാങ്ങുന്നതിനും അതിൽ വീട് വെയ്ക്കുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 3.50ലക്ഷം രൂപയും ചേർത്ത് ആകെ 7.25 ലക്ഷം രൂപ ഒറ്റ യൂണിറ്റായി അനുവദിച്ച് നൽകുന്നു. ഭൂരഹിത പുനരധിവാസ പദ്ധതിയുടെ എല്ലാ മാനദണ്ഡങ്ങളും ബാധകമാണ്.

35. <u>കാവുകൾ, ക്ഷേത്രങ്ങൾ പുനരുദ്ധാരണം</u> :- പട്ടികജാതി വിഭാഗക്കാർ ആരാധിച്ച് വരുന്നതും അധീനതയിൽ ഉള്ളതുമായ കാവുകൾ ക്ഷേത്രങ്ങൾ എന്നിവ പുനരുദ്ധരിക്കുന്നതിന് ധനസഹായം അനുവദിക്കുന്നു.

36. <u>ശ്മശാന നവീകരണം</u> :- പട്ടികജാതിക്കാരുടെ കൈവശമുള്ള ശ്മശാനങ്ങൾ നവീകരിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ച് നൽകുന്നു.

37. <u>വിജ്ഞാൻവാടി</u>:-പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമായതാണ് വിജ്ഞാൻവാടികൾ. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കുകയാണ് ലക്ഷ്യം.

38. <u>ഭവന നിർമ്മാണ ധനസഹായം</u> :- ഭവന നിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപ 4 ഗഡുകളായി അനുവദിച്ച് നൽകുന്നു. ഗ്രാമപ്രദേശങ്ങളിൽ സ്വന്തമായി രണ്ട് സെന്റും നഗര പ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നരസെന്റ് ഭൂമിയെങ്കിലും സ്വന്തമായിട്ടുള്ളവരും ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്കാണ് ഗ്രാന്റ് അനുവദിക്കുന്നത്.

39. <u>ഭവന പുനരുദ്ധാരണ പദ്ധതി</u>:- ഭവന നിർമ്മാണത്തിന് സർക്കാരിൽ നിന്നും മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും ക്ഷയോന്മുഖമായ ഭവനത്തിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവന പുനരുദ്ധാരണത്തിൽ പുതിയതായി ഒരു മുറി നിർമ്മിക്കുന്നതിന് പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നു. വരുമാന പരിധി 50,000/-. പ്ലാൻ എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ച് നൽകുന്നത്.

39. <u>വിവാഹധനസഹായം</u>:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50,000/- രൂപ ധനസഹായമായി അനുവദിച്ച് നൽകുന്നു. ജാതി, വരുമാനം, വിവാഹസർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. വരുമാന പരിധി 50,000/- രൂപയാണ്.

40. <u>ചികിത്സാ ധനസഹായം</u>:- മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 50,000/- രൂപയിൽ താഴെ വരുമാനമുള്ളവർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപവരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ഗുരുതരമായ രോഗം എന്നിവയ്ക്ക് പരമാവധി 1,00,000/- രൂപവരെ നൽകുന്നു.

41. മിശ്രവിവാഹ ധനസഹായം:- മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെതുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 50,000/- രൂപവരെ ഗ്രാന്റായി നൽകുന്നു. വിവാഹ ശേഷം ഒരുവർഷം കഴിഞ്ഞിരിക്കണം. മൂന്ന് വർഷത്തിനകം അപേക്ഷിക്കണം. അപേക്ഷ ജാതി (രണ്ട് പേരുടെയും) വരുമാന സർട്ടിഫിക്കറ്റുകൾ (രണ്ട് പേരുടെയും) സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കണം.

42. <u>വക്കീലൻമാർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി</u>:- നിയമ വിദ്യാഭ്യാസം കഴിഞ്ഞ ഉടൻ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം അനുവദിക്കുന്നു.

43. <u>സർഗോത്സവം</u> :- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ-ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000/- രൂപ പ്രോത്സാഹനമായി നൽകുന്നു.

44. <u>മാധ്യമ അവാർഡ്</u>:- പട്ടികവിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു. അച്ചടി -ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ് നൽകുന്നത്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന്

30,000/- രൂപയും ഫലകവും ദൃശ്യമാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രുപയും ഫലകവും റേഡിയോ റിപ്പോർട്ടിന് 15,000/- രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്.

45. <u>സാഹിത്യകൃതികൾ</u> :- പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20,000/- രൂപവരെ ധനസഹായം അനുവദിക്കുന്നു.

46. <u>പഠനയാത്ര പരിപാടി</u> :- ഹയർസെക്കന്ററി, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉള്ള വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 4,000/- രൂപനൽകി വരുന്നു.

47. സ്വർണ്ണമെഡൽ, റാങ്ക് ജേതാക്കൾക്ക്:- മെഡി:എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യറാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണ നാണയം സമ്മാനമായി നൽകുന്നു. എസ്.എസ്. എൽ.സി., +2, പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് അരപവൻ സ്വർണ്ണനാണയം നൽകി അനുമോദിക്കുന്നു.

സെക്ഷൻ ഓഫീസർ